പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :497 | 27.02. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. പെൻഷൻ

ചോദ്യം | ഉത്തരം

ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യുടെ ഒരു വർഷത്തെ ശരാശരി പെൻഷൻ ബാധ്യത എത്ര രൂപയാണ്; കെ.എസ്.ഇ.ബി. ഈ തുക ഇപ്പോൾ ഏത് മാർഗ്ഗത്തിലൂടെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 2016-17 സാമ്പത്തിക വർഷത്തെ താല്കാലിക കണക്ക് പ്രകാരം 1207.21 കോടി രൂപ പെൻഷൻ, ഗ്രാറ്റുവിറ്റി മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായ് നൽകിട്ടുണ്ട്. ഈ തുക കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്ന് അനുവദിച്ച് പെൻഷൻ നല്കാനായി രൂപീകരിച്ച മാസ്റ്റർ ട്രസ്റ്റ് വഴിയാണ് നൽകുന്നത്. ഈ തുക കെ.എസ്.ഇ.ബി.യുടെ റവന്യൂ വരുമാനം, സർക്കാരിന്റെ പെൻഷൻ വിഹിതം എന്നിവയിൽ നിന്നാണ് നൽകുന്നത്. |
| (ബി) കെ. എസ്. ഇ. ബി. യിൽ പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച മാസ്റ്റേഴ്സ് ട്രസ്റ്റിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി 12.02.2015-ൽ രൂപീകരിച്ച മാസ്റ്റർ ട്രസ്റ്റിൽ നിന്നും 01.01.2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുണ്ടായി, |
| (സി) ഏതു വർഷമാണ് ഈ ട്രസ്റ്റ് രൂപീകരിച്ചതെന്നും ട്രസ്റ്റിലേക്ക് സർക്കാരും കെ.എസ്.ഇ.ബി.യും ഇതിനകം അടച്ച തുകകൾ എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) 12.02.2015-ൽ മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുകയും, 01.01.2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുണ്ടായി. ഇക്കഴിഞ്ഞ മാസം വരെയുള്ള പെൻഷൻ തുക മാസ്റ്റർ ട്രസ്റ്റിന് കെ.എസ്.ഇ.ബി.ലിമിറ്റഡ് നൽകിയിട്ടുണ്ട്. |
| (ഡി) ഈ നില തുടർന്നാൽ ഭാവിയിൽ പെൻഷൻ മുടങ്ങുന്ന സാഹചര്യം സർക്കാരും കെ.എസ്.ഇ.ബി.യും മുന്നിൽ കാണുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ? | (ഡി) വൈദ്യുതി ബോർഡിൽ നിന്നും റിട്ടയർ ചെയ്ത മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകിവരുന്നുണ്ട്. പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് നൽകേണ്ട തുകയിലെ കുടിശ്ശിക വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതും ബോർഡിന്റെ സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് കുടിശ്ശിക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. പെൻഷൻ സംബന്ധിച്ച് ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. |

സെക്ഷൻ ഓഫീസർ